(ബി) 29-3-2005-നാണ് ഇൻസ്പെക്ഷൻ നടത്തിയത്. ഒരു ഹുറ്റൈം ഗ്രാജുവേറ്റ് മൈനിംഗ് എഞ്ചിനീയറെ നിയമിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഈ ഉദ്യോഗസ്ഥൻ നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) കത്തിന്റെ തീയതി മുതൽ 45 ദിവസത്തിനകം ഗ്രാജുവേറ്റ് മൈനിംഗ് എഞ്ചിനീയറെ നിയമിക്കണമെന്നാണ് പ്രസ്തുത കത്തിലെ നിർദ്ദേശം. നിയമനം നടത്താൻ 6 മാസത്തെ സമയം വേണമെന്ന് ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസിനോട് കമ്പനി അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. ഈ തസ്തികക്കുവേണ്ട യോഗ്യത മൈനിംഗ് എഞ്ചിനീയറിംഗിൽ ബിരുദമാണ്.

(എഫ്) ഇപ്പോഴും ഈ കമ്പനിയിൽ മൈനിംഗ് എഞ്ചിനീയറായി ആരെയും നിയമിച്ചിട്ടില്ല.

(ജി) ബാധകമല്ല.

(എച്ച്) നടപടി സ്വീകരിച്ചുവരുന്നു.

കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡിന് 2001 മുതൽ 2004 വരെയുള്ള വർഷങ്ങളിലെ പ്രവർത്തനം

7 [2144] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡിന്റെ 2001 മുതൽ 2004 വരെയുള്ള കാലയളവിൽ വിവിധയിനങ്ങളിലായി വൻതോതിൽ നഷ്ടം സംഭവിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(സി) ഓരോ വർഷവും ഓരോ വിഭാഗത്തിലെയും പ്രവർത്തനങ്ങൾ വിലയിരുത്തി ഭാവിയിൽ നഷ്ടം സംഭവിക്കാതെ പരിഹാര നടപടികൾ സ്വീകരിക്കുന്ന കീഴ്വഴക്കം ഉണ്ടായിരുന്നോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) 2001 മുതൽ 2004 വരെയുള്ള വർഷങ്ങളിലെ നഷ്ടങ്ങളെ കുറിച്ച് കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറലിന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിനെക്കുറിച്ച് വിശദമായി അന്വേഷിച്ച് പരിഹാര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 1

(ഡി, ഡി) കമ്പനിയിലെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുക പതിവാണ്.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

ടി. സി. സി.-യിലെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കാൻ നടപടി

8 [2145] ശ്രീ. സുജു പ്രോം: തുറയിൽ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി തരികയാണോ:

(എ) സംസ്ഥാന പൊതുമേഖലയിലെ ടി. സി. സി.-യിലെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ദീർഘകാല കരാർ കൈവരുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓഫീസർമാർക്ക് പുതിയതായി കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(സി) നിലവിലുള്ള കരാറിന്റെ മുൻകാല പ്രാബല്യത്തിൽ തൊഴിലാളികൾക്ക് നഷ്ടപ്പെട്ട കാലയളവ് പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) തൊഴിലാളികൾക്ക് കൊടുത്ത അഡ്വാൻസ് തിരികെ പിടിക്കുന്നത് ഒഴിവാക്കി ബാദ്ധ്യത അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ദീർഘകാല കരാർ പുതുക്കുന്നതിനും തൊഴിലാളികളുടെ ആവശ്യങ്ങൾ പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ജീവനക്കാർക്ക് കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ തന്നെയാണ് ഓഫീസർമാർക്ക് പുതിയ ശമ്പള പരിഷ്കരണത്തിൽ നൽകിയിട്ടുള്ളത്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) 1.7.2003 മുതൽ അനുവദിച്ച ദീർഘകാല കരാറിനു പല ഉപാധികളോടെ 1-4-2000 മുതൽ മുൻകാല പ്രാബല്യം നൽകി ഇതിന്റെ ഉത്തരവായിട്ടുണ്ട്. വീണ്ടും ദീർഘകാല കരാർ ഉടൻ തന്നെ പുതുക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

നിലമ്പൂർ താലൂക്ക് വ്യവസായ ഓഫീസ് പ്രവർത്തനം ആരംഭിക്കുവാൻ നടപടി

9 [2146] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, കെ. എൻ. എ. ഖാദർ:
,, സി. മമ്മൂട്ടി:

LIBRARY ARCHIVES Kerala Legislative Assembly